ഗവ.ഹയർ സെക്കണ്ടറി സ്കൂൾ
കുടയത്തൂർ

# ഇതളുകൾ

ഡിജിറ്റൽ മാഗസിൻ

ലിറ്റിൽ കൈറ്റ്സ് 2023

# ഉള്ളടക്കം

താളുകൾ മറിക്കുമ്പോൾ..............................2
ജി.എച്ച്. എസ്. എസ്
കുടയത്തൂർ/ചരിത്രം.....................................3
ഒരു എത്തി നോട്ടം.......................................3
ചരിത്ര സ്മാരകം അഞ്ചൽപ്പെട്ടി............6
ചരിത്ര നേട്ടങ്ങൾ..........................................8
ലിറ്റിൽ കൈറ്റ്സ് അവാർഡ്.....................8
സ്ക്കൂൾ വിക്കി അവാർഡ്.........................9
ആശംസകൾ..................................................12
ആശംസകളോടെ..........................................13
ഇതളുകൾ......................................................14
എഡിറ്റോറിയൽ...........................................15
രാജഗുരു രാമരാജാവിനെ പഠിപ്പിച്ച
പാഠം..............................................................17
കാക്കയും മുത്തശ്ശിയും.................................20

അഹങ്കാരി ആയ പെൺകുട്ടി.................21
നല്ല സുഹൃത്തുക്കൾ..................................22
അനിയന്റെ അത്യാഗ്രഹം......................23
മുത്തശ്ശി.........................................................24
അന്ന്.............................................................25
ഉയർന്ന് വാടിയ പോലെ........................27
ആത്മവിശ്വാസം.......................................29
സ്വർണ നിറമുള്ള പേന............................31
കുറിപ്പ്.........................................................36
ഓർമപ്പൂക്കൾ.............................................41
മഴയുതിരുമ്പോൾ....................................42
സ്ക്കുൾതല പ്രവർത്തനങ്ങൾ................43

# ജി.എച്ച്. എസ്. എസ് കുടയത്തൂർ/ചരിത്രം ഒരു എത്തി നോട്ടം.

ഇടുക്കി ജില്ലയിലെ കുടയത്തൂർ എന്ന കൊച്ചുഗ്രാമത്തിലാണ് ഈ സ്ക്കൂൾ സ്ഥിതി ചെയ്യുന്നത് .തെക്കുഭാഗത്തായി തലയുയർത്തി നില്കുന്ന കുടയത്തൂർ വിന്ധ്യനും സ്ക്കൂളിന്റെ വടക്കുഭാഗത്തായി നിറഞ്ഞൊഴുകുന്ന പുഴയും ഈ വിദ്യാലയത്തിന്റെ ചാരുത കൂട്ടുന്നു. കുടയത്തൂർ എന്ന സ്ഥലനാമത്തിനു പിന്നിൽ ഒരു ഐതിഹ്യകഥയുണ്ട്. പണ്ട് ശ്രീ അയ്യപ്പൻ തന്റെ യാത്രാവേളയിൽ ഈ പ്രദേശത്തെത്തിയപ്പോൾ കുട താഴെ വെച്ച് വിശ്രമിക്കുകയുണ്ടായി. “കുടവച്ചഊര്” എന്നതുലോപിച്ച് “കുടവച്ചൂര്” എന്നും പിന്നീടത് “കുടയത്തൂർ” എന്നും പേരായി എന്നാണ്ഐതിഹ്യകഥ . പതിററാണ്ടുകൾക്ക് മുമ്പ് ഇവിടെ രാജഭരണം നിലനിന്നിരുന്നപ്പോൾ ഈപ്രദേശം തിരുവിതാംകൂർ രാജ്യത്തിൽ, കോട്ടയം ഡിവിഷനിൽ, തൊടുപുഴ താലൂക്കിൽ പ്പെട്ടതായിരുന്നു. താലൂക്കുകളെ പല' പ്രവൃത്തി' (ഇന്നത്തെവില്ലേജ്) കളായിട്ട് വിഭജിച്ചിരുന്നു. ഇന്ന് അറക്കുളം , കുടയത്തൂർ , മുട്ടം , കാരിക്കോട്, ആലക്കോട് ,വെള്ളിയാമററം എന്നിങ്ങനെ പല വില്ലേജുകളായി വിഭജിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളെല്ലാം പണ്ട് കാരിക്കോട്

പ്രവൃത്തിയിൽപ്പെട്ടതായിരുന്നു. അതായത് ഈ വിദ്യാലയവും കാരിക്കോട് പ്രവൃത്തിയിൽപ്പെട്ടതായിരുന്നു. തിരുവിതാംകൂറിൽ പ്രായപൂർത്തിയായ പുരുഷന്മാർ രാജകുടുംബത്തിൽ ഇല്ലാതിരുന്നപ്പോൾ ഒരു റാണി ഭരണമേററു. അവർ ദിവാനായി (പ്രധാനമന്ത്രി) മണ്ടറൊ എന്ന വെള്ളക്കാരനെ നിയമിക്കുകയും ചെയ്തു.അദ്ദേഹം വിദ്യാഭ്യാസത്തിന് കൂടുതൽ പ്രാധാന്യം നൽകിയിരുന്നു.വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനായി പ്രവൃത്തികൾ തോറും പ്രൈമറി സ്കൂൾ ആരംഭിക്കുവാൻ റാണിയേക്കൊണ്ടു വിളംബരം ചെയ്യിച്ചു.അങ്ങനെ കാരിക്കോട് പ്രവൃത്തിക്ക് അനുവദിച്ചസ്കൂൾ കടയത്തൂരാണ് സ്ഥാപിച്ചത്.



# ചരിത്ര സ്മാരകം അഞ്ചൽപ്പെട്ടി



കേരളത്തിലെ പരമ്പരാഗതമായ തപാൽ സർവീസ് **അഞ്ചലാപ്പീസ്** എന്നാണറിയപ്പെട്ടിരുന്നത്. കത്തിടപാടുകൾക്കായി ഇന്നത്തെ തപാൽപ്പെട്ടികളുടെ സ്ഥാനത്ത്, തിരുവിതാംകൂറിൽ രാജഭരണകാലത്ത് ഉപയോഗിച്ചിരുന്ന പെട്ടിയാണ് അഞ്ചൽപ്പെട്ടി. അഞ്ച് അടിയോളം ഉയരമുള്ള ഉരുക്കിൽ തീർത്ത അഞ്ചൽപ്പെട്ടിയാണു സാധാരണയായി ഉപയോഗിച്ചിരുന്നത്. ഇതിനുമുകളിലായി തിരുവിതാംകൂറിന്റെ രാജമുദ്രയായ ശംഖ് സ്ഥാപിച്ചിട്ടുണ്ട്. ആധുനിക തപാലാപ്പീസുകളുടെ വരവോടെ അഞ്ചൽപ്പെട്ടികൾ ഉപയോഗിക്കാതായി .1812 -ൽ കൊട്ടാരംകോപ്പും ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലേക്കുള്ള പുഷ്പങ്ങളും കൊണ്ടുപോകാനുദ്ദേശിച്ചാരംഭിച്ച അഞ്ചൽ വകുപ്പിന്റെ പ്രാദേശിക സംഭരണികളായിരുന്നു

ഈ അഞ്ചൽപ്പെട്ടികൾ തപാൽ ഉരുപ്പടികൾ മേൽവിലാസക്കാർക്ക് എത്തിച്ചുകൊടുക്കുന്ന ആളിനെ **അഞ്ചലോട്ടക്കാരൻ** , **അഞ്ചൽപ്പിള്ള, അഞ്ചൽശിപായി** എന്നീ പേരുകളിലാണു വിളിച്ചിരുന്നത്. പെട്ടിയിൽ നിക്ഷേപിക്കുന്ന കത്തുകൾ അഞ്ചൽ ആപ്പീസുകളിലെത്തിച്ചു തരംതിരിച്ചതിനു ശേഷം അഞ്ചലോട്ടക്കാരൻ വഴിയാണ് വിലാസക്കാർക്ക് എത്തിച്ചിരുന്നത്. രാജമുദ്രയുള്ള മണികെട്ടിയ അധികാര ദണ്ഡുമായി തപാൽ സാമഗ്രികൾ കാൽനടയായി കൊണ്ടുപോകുന്ന പതിവായിരുന്നു അക്കാലത്തു നിലവിലിരുന്നത് .അഞ്ചലോട്ടക്കാരുടെ വഴിമുടക്കുന്നതു വലിയ കുറ്റമായാണ് കണക്കാക്കിയിരുന്നതു്. കേരളത്തിൽ അഞ്ചൽപ്പെട്ടികൾ പലയിടങ്ങളിലും സ്ഥാപിച്ചിരുന്നതു കൊണ്ട് അതുതന്നെ സ്ഥലനാമങ്ങളും ആയിട്ടുണ്ട്.

തപാലാഫീസുകൾ പുതിയ രീതിയിലായപ്പോൾ ഉപയോഗശൂന്യമായ ഈ അഞ്ചൽപ്പെട്ടി സ്കൂൾ അധികൃതരും പി ടി എ യും ചേർന്ന് ഒരു പൈതൃക സമ്പത്തായി കാത്തു സൂക്ഷിച്ചു പോരുന്നു.



# ചരിത്ര നേട്ടങ്ങൾ

## ലിറ്റിൽ കൈറ്റ്സ് അവാർഡ്






# സ്കൂൾ വിക്കി അവാർഡ്






കുടയത്തൂർ ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ വീണ്ടും അവാർഡിന്റെ തിളക്കം. സ്കൂളുകളിൽ നടക്കുന്ന പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഏറ്റവും മികച്ച രീതിയിൽ സ്കൂൾവിക്കിയിൽ നൽകുന്ന സ്കൂളിന് കൈറ്റ് (ഐടി@സ്കൂൾ) ഏർപ്പെടുത്തിയ ശബരീഷ് സ്മാരക സ്കൂൾ വിക്കി പുരസ്കാരം 2022 ആണ് സ്കൂളിനെ തേടി എത്തിയിരിക്കുന്നത്. സ്കൂളിന്റെ വിവരങ്ങൾ, ചരിത്രം, വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ, പ്രശസ്തരായ പൂർവ്വ വിദ്യാർത്ഥികൾ, സ്കൂൾമാപ്പ്, ചിത്രശാല എന്നിവ ഉൾപ്പെടെ സ്കൂളിന്റെ മികവാർന്ന എല്ലാ പ്രവർത്തനങ്ങളും സ്കൂൾ വിക്കിയിൽ ഉൾപ്പെടുത്തിയതിനാണ് പുരസ്കാരം ലഭിച്ചത്. തിരുവനന്തപുരം നിയമസഭാ സമുച്ചയത്തിലെ ആർ ശങ്കരനാരായണൻ തമ്പി ഹാളിൽ വച്ചു നടന്ന ചടങ്ങിൽ ബഹു. പൊതു വിദ്യാഭ്യാസവകുപ്പ് മന്ത്രി ശ്രീ വി.ശിവൻകുട്ടി അധ്യക്ഷത വഹിച്ചു. ബഹു.നിയമസഭാ സ്പീക്കർ ശ്രീ. എം ബി രാജേഷ് ഉദ്ഘാടനം നിർവഹിച്ചു. ബഹു.ഗതാഗത വകുപ്പ് മന്ത്രി ശ്രീ ആന്റണി രാജു മുഖ്യ അതിഥി ആയിരുന്നു. ബഹു. പൊതു വിദ്യാഭ്യാസ ഡയറക്ടർ ജീവൻ ബാബു ഐ.എ.എസ് ആശംസ അർപ്പിച്ചു. കൈറ്റ് ചിഫ് എക്സിക്യൂട്ടീവ് ഓഫിസർ ശ്രീ അൻവർ സാദത്ത് സ്വാഗതവും SCERT ഡയറക്ടർ ഡോ. ജയപ്രകാശ് നന്ദിയും രേഖപ്പെടുത്തി. സ്കൂൾ ഐടി കോ

ഓർഡിനേറ്റർ കൊച്ചുറാണി ജോയി, അധ്യാപകരായ കെ.കെ ഷൈലജ, ജോസഫ് മാത്യു ,വിദ്യാർഥികളായ അഭിജിത് പി ഷോമോൻ, പി എ അർജ്ജുൻ, റിയ റെന്നി, ഹെലൻ ഷാജി എന്നിവർ ക്യാഷ് അവാർഡും ട്രോഫിയും പ്രശംസാപത്രവും ഏറ്റുവാങ്ങി.



# ആശംസകൾ....



കുടയത്തൂർ ഗവ.ഹയർ സെക്കണ്ടറി സ്ക്കൂളിൽ പ്രവർത്തിച്ചു വരുന്ന ലിറ്റിൽ കൈറ്റ്സ് ക്ളബിന്റെ ആഭിമുഖ്യത്തിൽ നടന്നു വരുന്ന പ്രവർത്തനങ്ങൾ തികച്ചും മികവുറ്റതാണ്. ലേഖനങ്ങളും മറ്റു സാഹിത്യ സൃഷ്ടികളും ഉൾ പ്പെടുത്തിയുള്ള ഡിജിറ്റൽ മാഗസിൻ ഏറ്റവും മനോഹരവും അത്യന്തം പ്രശംസനിയവുമാണ്. **ഇതളുകൾ** എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ആശംസകളും നേരുന്നു. ഇതിനു പിന്നിൽ പ്രവർത്തിച്ച എല്ലാ "കൊച്ചു" കൂട്ടുകാർക്കും അവരുടെ പ്രിയപെട്ട അധ്യാപകർക്കും ഹൃദയംഗമമായ അഭിനന്ദനങ്ങൾ.

പ്രിൻസിപ്പാൾ
ജിസ് പുന്നൂസ്

# ആശംസകളോടെ.....



ലിറ്റിൽ കൈറ്റ്സിന്റെ ആഭിമുഖ്യത്തിൽ നമ്മുടെ സ്കുളിലെ കുട്ടികളുടെ സൃഷ്ടികൾ ഉൾ പ്പെടുത്തിക്കൊണ്ട് പ്രസിദ്ധികരിക്കുന്ന ഇതളുകൾ എന്ന ഡിജിറ്റൽ മാഗസിന് എന്റെ എല്ലാവിധ ഭാവുകങ്ങളും നേർ ന്നുകൊള്ളുന്നു. കുട്ടികളുടെ സർഗ വാസനകൾ പരിപോഷിപ്പിക്കുന്നതിനും പുതിയ പുതിയ സാഹിത്യ പ്രതിഭകൾ നമ്മുടെ സ്ക്കുളിൽ നിന്നും വിശ്വ സാഹിത്യലോകത്തിലേക്ക് ഉയർന്നു വരുന്നതിനും ഈ ഉദ്യമം തുടക്കമാവട്ടെ എന്ന് ആശംസിക്കുന്നു. ഈ പ്രവർത്തനങ്ങളിൽ പങ്കാളികളായ എല്ലാ അധ്യാപകർ, വിദ്യാർത്ഥികൾ, കൂടാതെ ഈ സംരംഭത്ത്ന് നേതൃത്വം നൽകിയ ലിറ്റിൽകൈറ്റ്സിനും മറ്റെല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ അഭിനന്ദനങ്ങൾ.

ഹെഡ്മിസ്ട്രസ്

ജീന എം

# ഇതളുകൾ

## ഇതളിന്റെ വഴികാട്ടികൾ

1.ജീന എം (എച്ച്.എം)

2.കൊച്ചുറാണി ജോയി (കൈറ്റ് മിസ്ട്രസ്)

3. സുലൈഖബീവി സി എ(കൈറ്റ് മിസ്ട്രസ്)

## ഇതളിന്റെ പിന്നണി പ്രവർത്തകർ

അബിദേവ് ടി എ
അർജ്ജുൻ പി എ
ആദിത്യൻ എസ്
അഖിൽ സാജു
അൽഫോൺസ്
കാർത്തിക് കെ ജെ
മുഹമ്മദ് ഇർഫാൻ
ജിന്റോ മോൻ ജിമ്മി
ഷെൽവബിൻ സോജൻ
ശ്രീഹരി ടി എസ്
ടീൻസ് ഷൈൻ
അക്ഷര മധു
അരുണിമ ഗിരീഷ്
ആഷ്ന ടി എസ്
ഹെലൻ ഷാജി
ജോസ് മോൾ സജോ

# എഡിറ്റോറിയൽ



ഓരോ ലിറ്റിൽ കൈറ്റ്സ് കൂട്ടുകാരുടേയും പരിശ്രമത്തിന്റെ ഫലമാണ് ഈ ഡിജിറ്റൽ മാഗസിൻ. കുട്ടികളുടെ നൈസർഗികമായ രചനകളും , തനതായ ആശയങ്ങളും, അഭിപ്രായങ്ങളും കോർത്തിണക്കിക്കൊണ്ട് **ഇതളുകൾ** എന്ന പേരിൽ ഒരു ഡിജിറ്റൽ മാഗസിൻ തയ്യാറാക്കിയിരിക്കുന്നു. കൂടാതെ പ്രകൃതി രമണീയമായ കുടയത്തൂർ ഗ്രാമവും അവിടെ തലയുയർത്തിനിൽക്കുന്ന സരസ്വതി വിദ്യാലയമായ ഗവ. ഹയർസെക്കണ്ടറി സ്കൂളിന്റെ ചരിത്രവും അവാർഡുകളും നേട്ടങ്ങളും ഇതോടൊപ്പം അനാവരണം ചെയ്തിരിക്കുന്നു.

ലിറ്റിൽ കൈറ്റ്സ് കൂട്ടുകാരുടെ കൂട്ടായ്മയുടെ പ്രതീകമാണ് ഈ ഡിജിറ്റൽ മാഗസിൻ.

അരുണിമ ഗിരീഷ്
എഡിറ്റർ

# ക ഥ ക ൾ

# രാജഗുരു രാമരാജാവിനെ പഠിപ്പിച്ച പാഠം

ഉദയപുരം എന്ന നാട് വാണിരുന്നത് ക്രൂരനും ദുഷ്ടനുമായ രാമൻ എന്ന് പേരുള്ള രാജാവായിരുന്നു. അദ്ദേഹത്തിന്റെ കൊട്ടാരത്തിലെ മന്ത്രിയാണ് രാമകൃഷ്ണൻ. അദ്ദേഹം പ്രജകളിൽ നിന്ന് ഒരു വലിയ തുക കപ്പമായി പിരിക്കുമായിരുന്നു. പല പാവപെട്ടവർക്കും ഈ കപ്പം പിരിക്കൽ വലിയ പ്രശ്നമായി. ആർക്കും ഭക്ഷണം ഇല്ല, വീട്ടിൽ ദാരിദ്ര്യം. നാട്ടിലെ ജനങ്ങളെല്ലാം കൂടി തങ്ങളുടെ പ്രശ്നം മന്ത്രിയുടെ അടുത്ത് പറഞ്ഞു. ഉം! നോം എന്തെങ്കിലും പരിഹാരം ചെയ്യാം. നിങ്ങൾ പൊയ്ക്കോളൂ. പ്രജകൾ എല്ലാവരും പുറത്തേക്ക് പോയി. പിറ്റേന്ന് മന്ത്രി രാജഗുരുവിനോടുപറഞ്ഞു. പ്രഭോ !പ്രജകൾ എല്ലാവരും രാജാവിന്റെ അമിതമായ പണം പിരിക്കൽ കാരണം കഷ്ടപെടുന്നു. എങ്ങനെ നമ്മൾ അവരെ രക്ഷിക്കും. രാജഗുരു പറഞ്ഞു നാം അതിനുള്ള വഴി കണ്ടു വച്ചിട്ടുണ്ട്.

പിറ്റേന്ന് രാജ സദസ്സിൽ രാജഗുരു പറഞ്ഞു. രാജൻ, ജനങ്ങളുടെ പ്രശ്നം മനസ്സിലാക്കാൻ എല്ലാ രാജാക്കന്മാരും വേഷം മാറി നാട് ചുറ്റാറുണ്ട്. അതുപോലെ അങ്ങും ചെയ്യുകയാണെങ്കിൽ പ്രജകളുടെ വിഷമങ്ങൾ എല്ലാം മനസ്സിലാക്കാം.അതാണ് ഒരു യഥാർത്ഥ രാജാവ് ചെയ്യേണ്ടത് .

രാജാവ് പറഞ്ഞു ശരി രാജഗുരു അങ്ങ് പറഞ്ഞതുപോലെ ചെയ്യാം. പിറ്റേന്ന് രാജൻ വേഷം മാറി നാട് ചുറ്റാൻ തുടങ്ങി പല ആളുകളും രാജാവിനോട് ചോദിച്ചു.ആരാ? മനസ്സിലായില്ല ഇവിടെയെങ്ങും കണ്ടു പരിചയം ഇല്ലല്ലോ? രാജാവ് പറഞ്ഞു ഞാൻ... ഞാൻ ഒരു സഞ്ചാരിയാണ്. അതും പറഞ്ഞ് രാജാവ് മുൻപോട്ടു നടന്നു. നടന്നു നടന്നു രാത്രിയായി അദ്ദേഹം കൊട്ടാരത്തിലേക്ക് പോകാനൊരുങ്ങി. അപ്പോഴാണ് അടുത്ത വീട്ടിൽ നിന്ന് ഒരു സംഭാഷണം കേട്ടത്. രാജാവ് ആ സംഭാഷണം ശ്രദ്ധിച്ചു. അച്ഛാ എനിക്ക് വിശക്കുന്നു. മക്കളെ ഇവിടെ കഴിക്കാൻ ഒന്നും ഇല്ലല്ലോ. ഇന്ന് രാജാവിൻറെ സൈനികർ വന്നിരുന്നു നെല്ലും പച്ചക്കറിയും പണം അവർ വാങ്ങി. അച്ഛൻറെ കയ്യിൽ ഒന്നുമില്ല മക്കളെ.അതുകേട്ടു ആ കുട്ടി കരയാൻ തുടങ്ങി. രാജാവിന് അത് കേട്ടു വളരെ സങ്കടം ഉണ്ടായി. അദ്ദേഹം കൊട്ടാരത്തിൽ എത്തി. ഇന്ന് എന്തുപറ്റി? രാജാവിനോട് രാജഗുരു ചോദിച്ചു. രാജാവ് നടന്ന കാര്യങ്ങളെല്ലാം രാജഗുരുവിനോട് പറഞ്ഞു. എനിക്ക് തെറ്റ് പറ്റി പോയി ഞാൻ കാരണം എത്ര പ്രജകൾ ആണ് ദുഃഖിക്കുന്നത്. അവരുടെ ദുഃഖം മനസ്സിലാക്കാൻ എനിക്ക് പറ്റിയില്ല ക്ഷമിക്കു!രാജാവാണ് പ്രജകളെ സംരക്ഷിക്കേണ്ടത്. പക്ഷേ, അധികാരത്തിന്റെ പദവി കിട്ടിയപ്പോൾ ഞാൻ അതെല്ലാം മറന്നു. ഞാൻ അതിൽ അഹങ്കരിച്ചു. പാവപ്പെട്ടവരെ സംരക്ഷിക്കാൻ ആണ് ദൈവം നമ്മളെ

ചുമതലപ്പെടുത്തിയിരിക്കുന്നത്. പക്ഷേ എനിക്കത് മനസ്സിലാക്കാൻ അങ്ങയുടെ സഹായം വേണ്ടി വന്നു. ഞാൻ ഇനി ഇതിനെ എന്ത് പ്രായശ്ചിത്തം ആണ് ചെയ്യേണ്ടത് ഗുരു? മകനെ, നീ നിൻറെ തെറ്റ് മനസ്സിലാക്കിയിരിക്കുന്നു ഇനിയെങ്കിലും നീ നിൻറെ പ്രജകളെ സ്നേഹിച്ചും സംരക്ഷിച്ചും അവരെ സന്തോഷ പെടുത്തുക. പിന്നീട് രാജാവ് ജനങ്ങളിൽ നിന്നും കുറച്ചു കപ്പം മാത്രമേ പിരിച്ചുള്ളൂ. ആ പണം ജനങ്ങളുടെ ക്ഷേമത്തിനായി ഉപയോഗിച്ചു.

നന്ദി

**വാഹിനി ഉണ്ണികൃഷ്ണൻ**



# കാക്കയും മുത്തശ്ശിയും

ഒരിടത്ത് ഒരു മുത്തശ്ശി ഉണ്ടായിരുന്നു. മുത്തശ്ശി എപ്പോഴും വീടും പരിസരവും വൃത്തിയാക്കി സൂക്ഷിക്കുമായിരുന്നു. അവിടെ വരുന്ന ബാക്കി എല്ല പക്ഷികളേയും മുത്തശ്ശിക്ക് വല്യ ഇഷ്ടമായിരുന്നു. എന്നാൽ അവിടെ വരുന്ന കാക്കയേ മാത്രം അവർക്ക് ഇഷ്ട്ടമല്ല യിരുന്നു. കാക്കയുടെ നിറം കറുപ്പയത് കൊണ്ടും വൃത്തിയില്ല എന്ന് തൊന്നുന്നത് കൊണ്ടും മുത്തശ്ശിക്ക് അവരെ ഇഷ്ട്ടമല്ല. അവരോട് എന്നും മുത്തശ്ശി വഴക്കിടും ആയിരുന്നു. ഒരു ദിവസം മുത്തശ്ശിക്ക് ഒട്ടും വയ്യാതെ ആയി. വീടും പരിസരവും ഒട്ടും വൃത്തിക്കേടായി കിടന്നു. പിറ്റേ ദിവസം കാക്കകൾ എല്ലാം വന്നപ്പോൾ വീടും പരിസരവും വൃത്തിക്കേടായി കിടക്കുന്നത് കണ്ട് അവർ അത് വൃത്തിയാക്കൻ തുടങ്ങി. ജനലിലൂടെ കണ്ട മുത്തശ്ശിക്ക് സങ്കടം വന്നു. ഇത്രയും പാവം ആയിരുന്ന കാക്കളെ ആണല്ലൊ താൻ ആട്ടിപയിച്ചതെന്നൊർത്ത് ഒത്തിരി കുറ്റബോധം ഉണ്ടായി. പിന്നിട് കാക്കകൾ വരുമ്പോൾ സ്നേഹത്തോടെ അവരോട് സംസാരിക്കുകയും ഭക്ഷണം കൊടുക്കുകയും ചെയ്തു. പിന്നീട് അവർ എല്ലാവരും കൂട്ടായി ജീവിച്ചു......

അഖിൽ സാജു

# അഹങ്കാരി ആയ പെൺകുട്ടി

ഒരിടത്ത് ഒരു പെൺകുട്ടി താമസിച്ചിരുന്നു. അവൾ അഹങ്കാരി ആയിരുന്നു. കൂടാതെ അവൾക്ക് കുറെ പണം ഉണ്ടായിരുന്നു. അവൾ ഒഴികെ ബാക്കി എല്ലാവരും പിച്ചക്കാർക്ക് തുല്യമാണ്. അങ്ങനെയിരിക്കെ അവളുടെ കോളേജിൽ ഒരു പാവപ്പെട്ട കുട്ടി വന്നു ചേർന്നു. ഒരു കുടുംബത്തിന്റെ മുഴുവൻ ചുമതലയും അവളുടെ കയ്യിൽ ആണ്. ആ കുട്ടിയെ എപ്പോ കണ്ടാലും ആ അഹങ്കാരി വഴക്ക് ഉടക്കും ഒരു ദിവസം. അഹങ്കാരി ഒരു കടയിൽ പോയി. അവിടെയായിരുന്നു ജോലി ചെയ്യുന്നത്. അവിടെയും അവൾ ആ പാവത്തിനെ കുറ്റപ്പെടുത്തി അവളുടെ ജോലി കളഞ്ഞു. അങ്ങനെയിരിക്കെ ഒരു ദിവസം. അഹങ്കാരി ഒരു കാറിൽ പോകുവായിരുന്നു. അപ്പോൾ ഒരു കാറിൽ ഇടിച്ചു. അവൾ അവരോടും മോശമായി പെരുമറി. എന്നാൽ അവർ ലഹരിയിൽ ആയിരുന്നു. അവർ മൂന്ന് പേരും അവളോട് വളരെ മോശമായി പെരുമറി. ഇതുകണ്ട് വന്ന ആ പാവപെട്ട പെൺകുട്ടി അവരിൽ നിന്നു രക്ഷപെടുത്തി.

അന്നു മുതൽ അവർ നല്ല കൂട്ടുകാരാണ്.അവളുടെ എല്ലാ അഹങ്കാരവും മാറി. അവൾ നന്നായി പഠിക്കാനും തുടങ്ങി.................

ശ്രീഹരി ടി എസ്

# നല്ല സുഹൃത്തുക്കൾ

ഒരിടത്ത് ഒരു കുടിക്കാനും അണ്ണനും താമസിച്ചിരുന്നു. ഇവർ നല്ല സുഹൃത്തുക്കൾ ആണ്. അങ്ങനെ ഇരിക്കെ ഒരു ദിവസം ഇവർ കൃഷി ചെയ്യുന്നതിനെ കുറിച്ച് സംസാരിക്കുകയായിരുന്നു. അണ്ണൻ പറഞ്ഞു ഞാൻ പോയി വിത്ത് വാങ്ങിച്ചിട്ട് വരാം നീ പോയി കുഴി തൊണ്ട്. അങ്ങനെ പറഞ്ഞ് അവർ പോയി. എന്നാൽ ഇതെല്ലാം കേട്ടുകൊണ്ട് ഒരു പുലി അവിടെ നിപ്പുണ്ടായിരുന്നു. പുലി വിചാരിച്ചു. എങ്ങനെയേലും ഇവരെ രണ്ടാക്കണം. അങ്ങനെ പറഞ്ഞു കൊണ്ട് പുലി കുറുക്കന്റെ അടുത്ത് പോയി. പറഞ്ഞു നിന്നെ കുറിച്ച് വളരെ മോശമായിയാണ് അണ്ണൻ പറഞ്ഞ് നടക്കുന്നത്. ഇത് കേട്ടതും കുറുക്കൻ ഒന്നും ആലോചിക്കാതെ അണ്ണനും ആയി വഴക്കിട്ടു. പുലിയുടെ തന്ത്രം നടന്നതുകൊണ്ട് പുലി നേരെ കുറുക്കനെ ഇരയാക്കാൻ പോയി. ഇത് കണ്ട അണ്ണൻ കുറുക്കനോട് ഇതിനെ കുറിച്ച് സൂച്ചിപ്പിച്ചു എന്നാൽ അതൊന്നും കേൾക്കാതെ കുറുക്കൻ അവിടെനിന്നു പോയി. പെട്ടന്ന് പുലി കുറുക്കന്റെ മുലേക്ക് ചാടി വിണു. പെട്ടന്ന് അണ്ണൻ കുറുക്കനോട് പറഞ്ഞു. പുലി നിന്നെ പിടിക്കാൻ വരുന്നു പെട്ടന്ന് മരിച്ചത് പോലെ കിടക്ക് ഇതു കേട്ട്

കുറുക്കൻ അങ്ങനെ കിടന്നു ഇതു കണ്ട് പുലി അവിടനിന്നു പോയി. അണ്ണൻ കുക്കനോട് പറഞ്ഞു. ആരുടേം വാക്ക് കേട്ട് എടുത്തു ചാടരുത് അത് നിനക്ക് തന്നെ വിനയാവും....

**ഷെൽബിൻ സോജൻ**

# അനിയന്റെ അത്യാഗ്രഹം

ഒരിടത്ത് ഒരു ചേട്ടനും അനിയനും ഉണ്ടായിരുന്നു. അതിൽ അനിയൻ വളരെ അത്യാഗ്രഹി ആയിരുന്നു. ചേട്ടൻ പാവം ഒരു ഐസ് വില്പനകരനും. ഒരു ദിവസം ചേട്ടന് അത്യാവിശമായി നാട്ടിൽ പോവേണ്ടി വന്നു. അപ്പോൾ അനിയനോട് പറഞ്ഞു . നീ എന്റെ കട നോക്കണം. ഒരിക്കലും വില കുറഞ്ഞ സാധനം വിൽക്കരുത്. എന്നും പറഞ്ഞ് അയാൾ അവിടെ നിന്ന് പോയി. എന്നാൽ അനിയൻ അത്യാഗ്രഹി ആയതുകൊണ്ട് വിലകുറഞ്ഞത് വിറ്റു. അത് കഴിച്ച എല്ലാവർക്കും വയ്യാതായി. ഇത് കണ്ടുവന്ന ചേട്ടൻ അനിയനെ അടിക്കുകയും ശസി ക്കുയും ചെയ്തു. കുറ്റബോധവും അത്യാഗ്രഹവും കാരണം അനിയൻ ആ നാട് വിട്ട് പോയി. ആ ചേട്ടൻ അനിയനെ അന്വേഷിക്കുകയോ ചെയ്തില്ല. പിന്നീട് അയാൾ നല്ലതുപോലെ ജീവിച്ചു. അയാളുടെ കച്ചവടം നല്ലതുപോലെ നടന്നു. അങ്ങനെ അയാൾ കല്യാണവും കഴിച്ച്. അവിടെ ജീവിച്ചു........

**ആദിത്യൻ എസ്**



# മുത്തശ്ശി

ഒരു ദിവസം, ഒരു കട്ടിൽ മുത്തശ്ശിയും രണ്ട് കുട്ടികളും താമസിച്ചിരുന്നു. അതിൽ ഒരു കുട്ടി വെളുത്തതും മറ്റേ കുട്ടി കറുത്തതും ആണ്. ആ മുത്തശ്ശിക്ക് ഏറ്റവും കൂടുതൽ ഇഷ്ടം വെളുത്ത കുട്ടിയെ ആണ്. അങ്ങനെ ഇരിക്കേ അവർ മൂന്ന് പേരും നടക്കാൻ കാട്ടിലേക്ക് പോയി പെട്ടന്ന് മഴയും കാറ്റും പെയ്തു.മുത്തശ്ശിയും വെളുത്തകുട്ടിയും ആകെ നനഞ്ഞു. എന്നാൽ ആ കറുത്ത കുട്ടി ഒട്ടും നനഞ്ഞില്ല അതിന്റെ പേരിലും കറുത്തകുട്ടിയെ വഴക്ക് പറഞ്ഞു. ആ കുട്ടിയെ അവിടെ നിർത്തിട്ടു അവർ വീണ്ടും നടന്നു. ഒരു സിംഹം അവരുടെ മുന്നിലേക്ക് വന്നു. വെളുത്തകുട്ടിയുടെ ജീവൻരക്ഷിക്കാൻ മുത്തശ്ശിയേ തള്ളിവിട്ടു. ഓടി വന്ന കറുത്തകുട്ടി ആ മുത്തശ്ശിയേ രക്ഷിച്ചു. അപ്പോൾ ആ സിംഹം പറഞ്ഞു : കണ്ടില്ലേ നി സ്നേഹിച്ച കുട്ടി ഒരു ആപത്തിൽ നിന്നെ ഉപേക്ഷിച്ചു എന്നാൽ നി വഴക്ക് പറഞ്ഞ കുട്ടി നിന്നെ രക്ഷിച്ചു ഒരിക്കലും ആരെയും വില കുറച്ച് കാണരുത്. ഇവരെ ഒരുപോലെ വളർത്തു. എന്നും പറഞ്ഞ് സിംഹം പോയി. അങ്ങനെ മാനസാന്തരപെട്ട മുത്തശ്ശി അവരെ ഒരുപോലെ സ്നേഹിച്ചു. അവർ സന്തോഷത്തോടെ ജീവിച്ചു........



സാനിയ സന്തോഷ്

ജി എച്ച് എസ് എസ് കടയത്തൂർ

# അന്ന്

അമ്മ രാവിലെ തന്നെ തുടങ്ങി ,എഴുന്നേൽക്കാൻ പറഞ്ഞു. പക്ഷേ ഞാൻ അത് കാര്യമാക്കിയില്ല പതിവ് പോലെ തന്നെ രാവിലെ എട്ടുമണിക്ക് തന്നെ എഴുന്നേറ്റു പല്ല് തേച്ചു രാവിലെ കാപ്പി കുടിക്കുമ്പോഴും ഉണ്ടായിരുന്നു അമ്മയുടെ ഉപദേശം സ്ക്രൂളിൽ പോകുന്നതിനു മുമ്പ് എഴുന്നേറ്റോളും ആ ഉറങ്ങുന്ന സമയം കൊണ്ട് നാല് അക്ഷരം പഠിച്ചു ക്രൂടെ എന്ന് ഞാൻ കേൾക്കാനുള്ളതെല്ലാം കേട്ട് കുളിക്കാനായി കുളിമുറിയിലേക്ക് പോയി തല കുളിച്ചു. പിന്നീട് കിട്ടിയതെല്ലാം വാരി പെറുക്കി ബാഗിലിട്ട് സ്ക്രൂളിലേക്ക് പോയി എനിക്കൊരു ക്രൂട്ടുകാരനുണ്ട് ബിനു അവനും എന്നെപ്പോലെയാണ് പഠിത്തത്തിൽ ശ്രദ്ധിക്കുകയില്ല.

അവധി ദിവസങ്ങളിലും സ്ക്രൂൾ വിട്ടു വീട്ടിലേക്ക് വരുമ്പോഴും കളിയാണ്. ഞങ്ങളുടെ പരിപാടി സ്ക്രൂളിൽ കുറച്ച് സമയമേ കളിക്കാൻ കിട്ടാറുള്ളൂ അപ്പോഴേക്കും അന്ന് ടീച്ചേഴ്സ് ക്ലാസ്സിൽ കയറാൻ പറയും ആ ദേഷ്യം ക്രൂടി ഞങ്ങൾ വൈകിട്ട് കളിച്ചു തീർക്കും. പഠിക്കുക എന്നത് എന്ത് പാടാണ് ഞാൻ പഠിക്കുന്നത് ഒന്നും പരീക്ഷയ്ക്ക് വരില്ല എഴുതിയതിന് ആകട്ടെ ടീച്ചേഴ്സ് മാർക്ക് തരികയുമില്ല .ഞങ്ങളുടെ ക്ലാസ്സിൽ ഒരുത്തൻ ഉണ്ട് എന്ത് പഠിപ്പ് ആണെന്ന് അറിയാമോ ?

ജി എച്ച് എസ് എസ് കുടയത്തൂർ

അവന്റെ പേര് അമൽ എന്നാണ് ഞങ്ങളൊക്കെ കളിച്ചു നടക്കുമ്പോൾ അവൻ പഠിച്ചു നടക്കുകയായിരിക്കും. പരീക്ഷയുടെ റിസൾട്ട് വരുമ്പോൾ ടീച്ചർമാരുടെ വക അവന് ഒരു പുകഴ്ത്തൽ ഉണ്ടാവും .അവൻ പഠിക്കും എന്നത് കൊണ്ട് തന്നെ ക്ലാസിലെ എല്ലാവരുടെയും വീട്ടിൽ താമസിച്ചു കൊണ്ടിരിക്കുന്ന ഒരു വാചകമാണ് അമലിനെ കണ്ടു പഠിക്ക് അമലും നീയും ഒരു ക്ലാസ്സിൽ അല്ലേ എന്നിട്ട് അവനാണ് കൂടുതൽ മാർക്ക് എന്നൊക്കെ .എൻറെ വീട്ടിലും ഇതേ വാക്കുകളാണ് ഉപയോഗിച്ചു വരുന്നത് .ആദ്യം അത് കേൾക്കുമ്പോൾ എനിക്ക് ബുദ്ധിമുട്ടായിരുന്നു പിന്നീട് അത് ശീലമായി ഞാനും ബിനുവും ബാഗ് ബെഞ്ചിൽ ആണ് ഇരിക്കുന്നത് ഒരു ദിവസം ക്ലാസ്സിൽ ഇരുന്നു സംസാരിച്ചതിന്റെ പേരിൽ എന്നെ പിടിച്ച് ഫ്രണ്ട് ബെഞ്ചിൽ അമലിന്റെ അടുത്ത് ഇരുത്തി.

ജോസ്നമോൾ സജോ



# ഉയർന്ന് വാടിയ പോലെ

അന്ന് രാവിലെ വാഹനങ്ങളുടെ ശബ്ദം കേട്ട് എഴുന്നേറ്റ കണ്ണ് തൻറെ കണ്ണുതിരി എഴുന്നേറ്റ് അവൻ കലണ്ടറിലേക്ക് ഒന്ന് കണ്ണോടിച്ചു നോക്കി അവൻ എഴുന്നേറ്റ ഉഷാറോടെ അല്ല അവൻ കലണ്ടറിൽ നോക്കി കഴിഞ്ഞപ്പോൾ ഉണ്ടായത് .കാരണം .ഇന്ന് തിങ്കളാഴ്ചയാണ് അവൻ ഓർത്തു എൻറെ ദൈവമേ ഇന്ന് ഓഫീസിൽ ചെന്ന് എന്തൊക്കെ ചെയ്യണം എന്ന് . അത് കഴിഞ്ഞ് അവൻ സമയം നോക്കിയപ്പോൾ അവൻറെ ഉള്ള കിളിയും പാറിപ്പോയി. കാരണം സമയം 9 30 കഴിഞ്ഞു അവൻ ഇനി കുളിച്ച് ഒരുങ്ങി ഓഫീസിൽ എത്തുമ്പോൾ തന്നെ സമയം കുറെയാകും. താമസിച്ചെത്തിയാലോ ചീത്ത വിളിക്കുകയും ചെയ്യും .അവൻ ഒരു കാർ വിളിച്ച് അതിൽ പോകാൻ തീരുമാനിച്ചു. അവൻ അതിൽ കയറി ഓഫീസിന്റെ മുൻപിൽ ചെന്നിറങ്ങി. അവൻ കരുതിയ പോലെ തന്നെ അവനെ നന്നായി ആട്ടി ഇറക്കി വിട്ടു. അവൻ പിന്നെ അവിടുന്ന് ലീവ് പറഞ്ഞ് മാർക്കറ്റിന്റെ സൈഡിൽ ഒരു തെരുവീഥിയിലൂടെ നടന്നു മുന്നോട്ടു നീങ്ങി .അവൻറെ കണ്ണിൽ നിന്ന് വിഷമത്തിന്റെയും വേർപാടിന്റെയും കണ്ണീർത്തുള്ളികൾ ചാടി . അവൻ എന്ത് സങ്കടം ഉണ്ടെങ്കിലും അമ്മയോടാണ്

പറയാറ് . എന്നാൽ ജോലി ആവശ്യങ്ങൾക്കായി അവൻ അമ്മയെ വീട്ടിൽ ആക്കി പുറത്താണ് . അവനവൻറെ ഫോൺ എടുത്ത് അമ്മയെ വിളിച്ചു. അവനോട് മോനെ എന്ന് വിളിച്ചു പക്ഷേ അവൻറെ ശ്രദ്ധ ഫോണിൽ നിന്നും മാറിയപ്പോഴേക്കും അവൻ അതിലെ വന്ന ഒരു കൊച്ചു കുട്ടിയെ കണ്ടു. ആ കുട്ടിക്ക് നേരെ ഒരു വണ്ടി ചീറിപ്പാഞ്ഞ് വരുന്നുണ്ട് .അവൻ ആ കുട്ടിയെ രക്ഷിക്കാനായി ചാടി ഇറങ്ങി .ആ കുട്ടിയെ രക്ഷിച്ചു അപ്പോൾ അവൻറെ ഇന്നത്തെ വിഷമം കാറ്റിൽ പറന്നത് പോലെ തോന്നി.

അരുണിമ ഗിരീഷ്



# ആത്മവിശ്വാസം

ഒരിടത്ത് ഒരു ബാലൻ ഉണ്ടായിരുന്നു.എല്ലാവരിലും നിന്നും ഒറ്റപ്പെട്ട ബാലൻ .ആരും കൂടെ കൂട്ടില്ല. കൂട്ടുകാർ ഇല്ല .ഒറ്റപ്പെട്ട ജീവിതം . നല്ല കൂട്ടുകാർ ഇല്ലാത്തതിനാൽ ചീത്ത കൂട്ടുകെട്ടിലേക്ക് അവൻ വഴുതി പോയി. അങ്ങനെയിരിക്കെ ഒരു ദിവസം പണത്തിന് ആവശ്യം വന്നപ്പോൾ ഒരു കടയിൽ നിന്ന് പണം തട്ടിയെടുത്തു. പിറ്റേദിവസം താൻ ചെയ്തത് തെറ്റാണ് എന്ന് മനസ്സിലാക്കിയ ബാലൻ അത് തിരികെ കൊടുക്കാൻ തീരുമാനിച്ചു. എന്നാൽ അവൻറെ ഉള്ളിലെ ഭയം കാരണം അത് അവൻ തിരികെ കൊടുത്തില്ല. കുറ്റബോധം കാരണം മാനസികവും ശാരീരികമായും അവൻ തളർന്നു. ഒരു ദിവസം രാത്രി പൊട്ടിപ്പൊളിഞ്ഞ ഒരു കെട്ടിടത്തിൽ അവൻ കയറി വാതിൽ ഉള്ള ഒരു മുറിയിൽ .ആ മുറിയിലെ ഗ്യാസ് തുറന്നു വിട്ടു. പക്ഷേ ഒരിക്കലും അവൻ പണം തട്ടിയെടുത്തതിനല്ല മരിക്കാൻ ശ്രമിച്ചത്. നല്ല ഒരു കൂട്ടുകാരൻ തനിക്കില്ല എന്ന് വിഷമം കാരണമാണ്. കുറച്ചു കഴിഞ്ഞപ്പോൾ കതകിൽ ആരോ മുട്ടുന്നു .പേടിച്ചു കതക് തുറന്നു നോക്കിയപ്പോൾ ഒരു പോലീസ് ഉദ്യോഗസ്ഥൻ. എന്താണ് എന്ന കാര്യം തിരക്കിയപ്പോൾ അടുത്തുള്ള ഒരു കെട്ടിടത്തിൽ ഒരാൾ ബോധമില്ലാതെ കിടക്കുന്നു. പോലീസുകാരനും ഒരാളും കൂടി അങ്ങോട്ട് ഓടി ഡോക്ടറിന്റെ

കതകിലാണ് പോലീസ് ഉദ്യോഗസ്ഥൻ മുട്ടിയത് .അവർ പടികൾ കയറി കെട്ടിടത്തിന്റെ മുകളിലെ മുറിയിൽ എത്തി .അവിടെ കെട്ടിടത്തിന്റെ ഉടമ ഉണ്ടായിരുന്നു.

അവർ അദ്ദേഹത്തിൻറെ ശ്വാസം തിരിച്ചു വരാൻ ശ്രമിക്കുന്നുണ്ടായിരുന്നു. എത്ര ശ്രമിച്ചിട്ടും ജീവൻ തിരിച്ചു കിട്ടിയില്ല , പെട്ടെന്നാണ് അത് സംഭവിച്ചത് മരിച്ചു എന്ന് ഓർത്ത് പെട്ടെന്ന് ഞെട്ടി എഴുന്നേറ്റു . അവരെല്ലാം ആകാംക്ഷയോടെ എന്തിനാണ് മരിക്കാൻ ശ്രമിച്ചത് എന്ന് തിരക്കി. തനിക്കൊരു നല്ല ജീവിതം ഇല്ല , കൂട്ടുകാർ ഇല്ല , താൻ എന്തിനാണ് ഇങ്ങനെ ജീവിക്കുന്നത് എന്ന് ആ ബാലൻ പറഞ്ഞു .എന്നാൽ ഇത് കേട്ടുകൊണ്ടിരുന്ന ഉടമയും പോലീസും ഡോക്ടറും നിശബ്ദരായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ അവർ പറഞ്ഞു നീ ഇങ്ങനെ ഒരിക്കലും ചെയ്യാൻ ശ്രമിക്കരുത് .ഒരു നല്ല മനുഷ്യനായി ജീവിച്ചു തുടങ്ങുക. അവനെ അവർ ഒരു നല്ല ജീവിതം നയിക്കുന്നതിനായി ഉപദേശിച്ചു. കുറച്ചു വർഷം കഴിഞ്ഞു ടിവി കണ്ടുകൊണ്ടിരിക്കുന്ന ഡോക്ടർ സന്തോഷത്തോടെ പറഞ്ഞു. "അവർ ഉയരങ്ങൾ പറന്നു . ഈ ലോകം കീഴടക്കി."

അഷ്ന ടി എസ്

# സ്വർണ നിറമുള്ള പേന

സ്കൂളിലെ അസംബ്ലിക്കിടയിൽ ഒരു കുട്ടി തല കുനിച്ചു കൊണ്ട് സ്റ്റേജിലേക്ക് വരുകയാണ് . അവളുടെ പേര് പ്രിയ. അവൾ ആ വഴികളിലൂടെ നടന്നു പോകുമ്പോൾ അവളെ തന്നെ ആയിരം കണ്ണുകൾ തുറിച്ചു നോക്കി നിൽക്കുകയാണ്. അവരെല്ലാം അവളുടെ കൂടെ പഠിക്കുന്ന കുട്ടികളാണ്. അവളെ കളിയാക്കി കൊണ്ട് അവിടെ നിൽക്കുന്നു. പ്രിയക്ക് സങ്കടവും എല്ലാം ഒരു പോലെ വന്നു അവൾ ടീച്ചർമാരുടെയും മാഷുമാരുടെയും അടുത്തു വന്നു . അവർ അവളെ എല്ലാ കുട്ടികളുടെയും മുമ്പിൽ വച്ച് അവളെ വഴക്ക് പറഞ്ഞു.അതിനു കാരണം ഒരു ആൺകുട്ടി തന്റെ നിറമുള്ള പേന എടുത്തതിന്റെ പേരിൽ പ്രിയ അവനോട് അത് തന്റെ പേനയാണ് നീ എന്തിനാ അത് എടുത്തത്. അത് കേട്ടുകൊണ്ടിരുന്ന ആൺ കുട്ടി പറഞ്ഞു. ഇത് എന്റെ പേനയാ ഇവൾ ചുമ്മാ പറയുന്നതാണെന്ന് അവന്റെ കൂട്ടുകാരോട് പറഞ്ഞു . അവന്റെ പേര് അനിൽ എന്നാണ്. അവന് രണ്ട് കൂട്ടുകാരുണ്ട് അവരുടെ പേര് ബിബിൻ, അർജുൻ എന്നാണ്.

അവിടെയുണ്ടായിരുന്ന ഒന്നോ രണ്ടോ കുട്ടികൾ പറഞ്ഞു ഇത് പ്രിയയുടെ പേനയാണെന്ന് . പക്ഷേ ഭൂരിഭാഗം പേരും ഇത് അനിലിന്റ പേനയാണെന്ന് പറഞ്ഞു. അവർ ഇരുവരും വാക്ക് തർക്കങ്ങളുണ്ടായി. പ്രിയക്ക് അത് തന്റെ ആന്റി കൊടുത്ത പേനയായിരുന്നു. അവൾക്ക് ആന്റിയെ വലിയ ഇഷ്ടമാണ്. അതുകൊണ്ട് അനിലിന്റെ കയ്യിൽ നിന്ന് പേന തട്ടി പറിച്ചെടുക്കുവാൻ തുടങ്ങി.

അവനും അത് വിട്ടു കൊടുത്തില്ല അവനും ആ പേന മുകളിലേക്കുയർത്തി. അവർ ഇരുവരും ഉന്തും തള്ളുമായി . അവർ ഇരുവരും ആറാം ക്ലാസിലാണ് പഠിക്കുന്നത്. അതിനിടയിൽ പ്രിയ തള്ളിയപ്പോൾ അനിലിന്റെ തല ചെന്ന് മേശയിലിടിച്ച് പരിക്കു പറ്റി.ഇത് കണ്ട് അവൻറെ കൂട്ടുകാരനായ അർജുൻ ടീച്ചറിനോട് പറയുവാൻ പോയി.അർജുനാണ് ആ ക്ലാസിലെ ലീഡർ .ടീച്ചർ അവനോട് പറഞ്ഞിരുന്നു ക്ലാസ്സിൽ എന്തെങ്കിലും കുഴപ്പം വന്നാൽ നീ ടീച്ചർമാരോടും മാഷ് മാരോടും ചെന്ന് പറയണമെന്ന് .അർജുൻ ഓടി ടീച്ചറുടെ അടുത്ത് ചെന്നു പറഞ്ഞു.

അവൻ കിതക്കുന്നുണ്ടായിരുന്നു.ടീച്ചർ ....പ്രിയ അനിലിനെ തള്ളിയിട്ടു അവന്റെ തല മുറിഞ്ഞു.അനിൽ നല്ലപോലെ പഠിക്കുന്ന കുട്ടിയാണ്.പ്രിയ നല്ല പോലെ

പഠിക്കാറില്ല.ടീച്ചർ ഇത് കേട്ട് അർജ്ജുനോട് പറഞ്ഞു നീ പോയിട്ട് അനിലിനെ ഇങ്ങു കൊണ്ടുവാ .പിന്നെ പ്രിയയെയും വിളിക്കണം. നിൽക്ക് അർജ്ജുൻ. എന്താ ടീച്ചർ.പ്രിയയെ വിളിക്കണ്ട ഞാൻ അവളെ പിന്നെ കണ്ടോളാം.ഇപ്പോൾ അനിലിനെ വിളിച്ചാൽ മതി.ശരി ടീച്ചർ അനിലിന്റെ കൂട്ടുകാർ അവനെ എടുത്ത് ടീച്ചറുടെ അടുത്ത് കൊണ്ടുപോയി .എന്നിട്ട് ടീച്ചർ അവനെ ആശുപത്രിയിൽ കൊണ്ടുപോയി ഇതെല്ലാം കണ്ട് പ്രിയക്ക് താൻ എന്താ ചെയ്തത് എന്ന് ഓർത്ത് വിഷമവും ദേഷ്യവും തോന്നി.ഡോക്ടർ ടീച്ചറിനെ വിളിച്ചിട്ട് പറഞ്ഞു കുഴപ്പമില്ല.തലയിൽ ചെറിയ മുറിവുണ്ട്.അവന് കൊടുക്കുവാൻ ഉള്ള മരുന്ന് ഇതിൽ എഴുതിയിട്ടുണ്ട് പോയി മേടിക്കണം.അവൻ നന്നായി പഠിക്കുന്ന കുട്ടിക്ക് ഇങ്ങനെ വന്നത് ഓർത്ത് ജീന ടീച്ചർക്ക് വിഷമം വന്നു.അവർ അവൻറെ മാതാപിതാക്കളെ വിളിച്ചുപറഞ്ഞു.അവർ കെട്ടയുടനെ ആശുപത്രിയിലേക്ക് വന്നു. ടീച്ചർ എന്റെ കുട്ടിക്ക് എന്ത് പറ്റിയെന്ന് അനിലിന്റെ അമ്മ കരഞ്ഞു കൊണ്ട് പറഞ്ഞു. ടീച്ചർ എന്റെ കുട്ടിക്ക് എന്ത് പറ്റിയെന്ന് അനിലിന്റെ .അമ്മ കരഞ്ഞു കൊണ്ട് പറഞ്ഞു. ആ അമ്മ ടീച്ചറിനോടായി അവളുടെ മാതാ പിതാക്കളെ വിളിക്ക് . ഇങ്ങനെയാണോ കുട്ടിയെ വളർത്തുന്നത്. ടീച്ചർ പറഞ്ഞു അവൾക്ക് അവൾക്ക് മാതാപിതാക്കൾ ഇല്ല അവളുടെ മാതാപിതാക്കൾ അവളെ ഇട്ടിട്ടു പോയി. അനിലിന്റെ അമ്മ പറഞ്ഞു.

ഓഹോ അവളുടെ മാതാപിതാക്കൾ അവളെ ഇട്ടിട്ടു പോയെന്നോ വെറുതെ അല്ല അവൾ എന്റെ മകനെ തള്ളിയിട്ടത്.അവൻറെ അമ്മയെ ആശ്വസിപ്പിച്ചിട്ട് ടീച്ചറിനോട് ആയി പറഞ്ഞു.അവൾക്ക് തക്ക ശിക്ഷ കൊടുക്കണം എന്ന് .ഒരു പേന കാരണമാണ് അവൾ ടീച്ചർമാരുടെയും മാഷ് മാരുടെയും വഴക്കും പിന്നെ കുട്ടികളുടെ കുറ്റപ്പെടുത്തലുകളും അവൾക്ക് ഒത്തിരി വിഷമം വന്നു.അന്ന് അർജുൻ അനിലിനെ പ്രിയ തള്ളിയിട്ടു എന്നു മാത്രമേ പറഞ്ഞിരുന്നുള്ളൂ.പേനയുടെ കാര്യം പറഞ്ഞില്ല. ഇതെല്ലാം കേട്ടുകൊണ്ട് അവളുടെ ആന്റിയുടെകൂടെ നിൽക്കുകയാണ്.ഓരോ ദിവസം കഴിയുംതോറും കുട്ടികളുടെ കുറ്റപ്പെടുത്തലുകൾ കൂടി വന്നു.ഒരു ദിവസം അവൾ നിശ്ചയിച്ചു ഇവരുടെ മുൻപിൽ നല്ല കുട്ടിയാകണമെന്ന് അവളുടെ മനസ്സിൽ തോന്നുവാൻ തുടങ്ങി.അവൾ ആറാം ക്ലാസ്സിൽ നിന്ന് അവളുടെ ഭാഗ്യത്തിനാണ് ജയിച്ച് പത്താം ക്ലാസ് വരെയെത്തി.പത്താം ക്ലാസിൽ നല്ല മാർക്ക് മേടിക്കും.എല്ലാ ക്ലാസ്സ് പോലെ അവൾ ഇപ്പോഴും പറഞ്ഞു.അവൾ പഠിക്കുവാൻ തുടങ്ങി. രാത്രി എന്നില്ലാതെ പകലൊന്നും

ഇല്ലാതെ അവൾ പഠിച്ചു.പരീക്ഷയെഴുതി അവൾ ജയിച്ചു. എല്ലാ വിഷയത്തിനും നല്ല മാർക്ക് ഉണ്ട് അനിലിനെക്കാളും

പക്ഷേ വർഷങ്ങൾക്കു മുമ്പുള്ള കാര്യം ആരും മറന്നില്ല അവൾക്ക് മാർക്ക് കിട്ടിയെങ്കിലും ടീച്ചർമാർ പറഞ്ഞു നീ കോപ്പിയടിച്ച് എഴുതിയതല്ലേ എന്ന് .അവളെ അവിടെവെച്ചും കുറ്റപ്പെടുത്തി അവൾ തളർന്നില്ല അവൾ പഠിച്ചു നല്ല മാർക്ക് മേടിച്ചു അവളുടെ ആന്റിയുടെ ആഗ്രഹപ്രകാരം കുറേ വർഷങ്ങളുടെ പഠിത്തം എല്ലാം പൂർത്തിയാക്കി.അവൾ ഒരു കളക്ടർ ആയി .പ്രിയ ഒരു സ്ഥലത്ത് പോയി കൊണ്ടിരിക്കുമ്പോൾ ആറാം ക്ലാസിൽ പഠിപ്പിച്ച ജീന ടീച്ചറെ കണ്ടു.

അവൾ ടീച്ചറുടെ അടുത്തേക്ക് ചെന്ന് ഞാൻ പ്രിയയാണെന്ന് പറഞ്ഞു. ടീച്ചർ ഒത്തിരി നേരം ഓർത്തിരുന്നിട്ട് പറഞ്ഞു. മനസ്സിലായി നീ ആ അനിലിനെ തള്ളിയിട്ട കുട്ടിയല്ലേ എന്ന് . ഇത് കേട്ടപ്പോൾ അവൾക്ക് വിഷമമായി . ടീച്ചർ ചോദിച്ചു നിനക്ക് എന്താണ് ജോലി. ഞാൻ ഇവിടുത്തെ കളക്ടർ ആണ് . ഇതു കേട്ട് ടീച്ചർ ഞെട്ടി പോയി. അവൾ ചിരിച്ചു കൊണ്ട് പോയി.



അഭിദേവ് ടി എ

# കുറിപ്പ്

നിത്യചൈതന്യയതിയുടെ ഞാൻ വായിച്ചതിൽ ഏറ്റവും മികച്ച ഒരു പുസ്തകം ആണ് 'മരണമെന്ന വാതിലിനപ്പുറം'. മരണം അനശ്വരതയുടെയും അനന്തതയുടെയും പ്രവേശന കവാടം ആണെന്ന് അദ്ദേഹം പറയുന്നു. അദ്ദേഹം ഈ ഗ്രന്ഥത്തിൽ പറയുന്നതിൽ എനിക്ക് ഏറ്റവും ഇഷ്ടപെട്ട ഒരു വാചകം ആണ് 'മെഴുകുതിരി പോലെയാണ് ജീവിതം. കത്തിച്ചു വെച്ചത് മുതൽ അതെരിയുന്നു. ഒടുവിൽ, മെഴുകും തിരിയും അവസാനിക്കുന്നു'.അദേഹത്തിന്റെ കുറച്ചു അനുഭവങ്ങളും ഇതിൽ നൽകുന്നു.അതിൽ എനിക്ക് ഇഷ്ടപ്പെട്ട വേറൊരു ഭാഗമാണ് 'എനിക്ക് മറക്കാനാത്ത മൂന്നു ടാക്സിക്കാർ'. ഒരു റെയിൽവേ സ്റ്റേഷനിൽ വെച്ച് അദ്ദേഹത്തിന് സംഭവിച്ച കുറച്ചു കാര്യങ്ങൾ ആണ് അദ്ദേഹം പറയുന്നത്. 'വേഷവിധാനം കൊണ്ട് ആരെയും വിലയിരുത്തരുത്" എന്ന് അദ്ദേഹം ഈ ലേഖനത്തിൽ വ്യക്തമാക്കുന്നു. വായനക്കാരെ വേറൊരു ലോകത്ത് കൊണ്ട് പോകുന്ന നിത്യ ചൈതന്യയതിയുടെ ഒരു മികച്ച പുസ്തകം ആണ് ഇത്.



റിയ ഫാത്തിമ



ക

വി

ത

ക

ൾ



# ഓർമപ്പൂക്കൾ

പറയാതെ പോയതാ പവിഴമല്ലിച്ചോട്ടിൽ
പടരുന്നു പിന്നെയും പൂക്കളായി..
എഴുതാൻ മറന്നതോ മഴവില്ലിനഴകായി
മാടിവിളിക്കുന്നു വാനിലോളം..
വിടരാതെ നിന്നതും വാടിത്തളർന്നതും
വാർതിങ്കളെത്തവെ വീണുറങ്ങി..
തേന്നൂറുമോർമ്മതൻ രാഗം പടരവേ
ലോലമായ് തംബുരു ശ്രുതിയടർത്തി..
പഴയൊരു പാട്ടിന്റെ ഈണം പകരുവാൻ
പാടുന്നു പിന്നെയും കോകിലങ്ങൾ..
പിച്ചകച്ചോട്ടിലൂടെത്തിത്തിരയുന്നു
മച്ചകത്തെത്തുന്ന മാരുതനും...
മന്ദാരപ്പൂവിനെ നുള്ളിനോവിക്കുന്നു
മന്ദം ഗമിക്കുന്ന ഭ്റ്ന്ഗങ്ങളും..
പച്ചപ്പനംതത്ത തത്തിക്കളിച്ചുകൊ -
ണ്ടൊത്തിരി ദൂരേക്കു പൊയ്മറഞ്ഞു
ഞാൻ മാത്രമിന്നെന്റെ ഓർമ്മകൾ മേയുന്ന
മേച്ചിൽപ്പുറങ്ങളിലൂടലഞ്ഞു

ഇന്ദുജ പ്രവീൺ

ജി എച്ച് എസ് എസ് കടയത്തൂർ

# മഴയുതിരുമ്പോൾ

നനുനനനെപ്പൊഴിയുന്ന മഴയുടെയിതളുകൾ
മധുരമാം രാഗമൊന്നേറ്റുപാടി..
പെയ്തുപെയ്തേറെത്തണുത്ത കൈത്തുമ്പാലെ-
യാർദ്രമായെന്നെത്തലോടിമാഞ്ഞു...
കുളിരിന്റെ കൂട്ടിലെ തൂവൽപ്പറവകൾ
കുനുകുനെത്തമ്മിൽ കളി പറഞ്ഞു..
തൂമഴത്തുള്ളിയൊന്നേറ്റുവാങ്ങിപ്പിന്നെ
മാമയിൽപ്പീലിയൊതുക്കിവെച്ചു..
പിന്നെയും പിന്നെയും രാവിന്റെ കാർമുകിൽ
ചെലയാലമ്പിളി കണ്ണുപൊത്തി..
നാളേക്കുടുക്കുവാൻ പൂന്തുകിൽ തുന്നുന്ന
പൂമ്പാറ്റയൊക്കെയും പൊയ്യുറഞ്ഞു
പകലോന്റെയമ്പുകൾ എത്തിനോക്കും മുന്നേ
പതിയെമൂളിടുന്ന പൂങ്കുയിലും
നേരം പുലരുവാനേറെയില്ലെന്നോർത്തു
പാടിപ്പറന്നുകൊണ്ടങ്ങുപോകെ..
കൺചിമ്മുവാനായി ഞാനുമെൻ മോഹവും
മെല്ലെച്ചിരാതിന്റെ തിരിയൊതുക്കി...

**ഇന്ദുജ പ്രവീൺ**

# സ്കൂൾതല പ്രവർത്തനങ്ങൾ
















2022-25


Thank You






VBC NEWS


















ലിറ്റിൽ കൈറ്റ്സ്


നന്ദി